**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1188 30.09.2016 ൽ മറുപടിയ്ക്ക്**

## ആലത്തൂർ മലയോരപ്രദേശങ്ങളിലേക്ക് സ്വകാര്യ ബസ്സുകളുടെ സേവനം

| ചോദ്യം<br>ശ്രീ.കെ.ഡി.പ്രസേനൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകളിലെ മലയോര പ്രദേശങ്ങളിലേക്ക് വേണ്ടത്ര ഗതാഗത സൗകര്യമില്ലാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പിന്നോക്ക, പട്ടികജാതി വിഭാഗങ്ങളിലുൾപ്പെട്ടവർ കൂടുതലായി അധിവസിക്കുന്ന പ്രസ്തുത പ്രദേശങ്ങളിലേക്ക് സ്വകാര്യ ബസ്സുകളുടെ സേവനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | കിഴക്കഞ്ചേരി-വണ്ടാഴി പഞ്ചായത്തു-കളിലേക്ക് കെ.എസ്.ആർ.ടി.സി യുടെ ഒരു ബസ് സർവ്വീസ് നടത്തുന്നുണ്ട്. ടി റൂട്ടിൽ സർവ്വീസ് നടത്തുന്നതിനായി സ്വകാര്യ ബസ് ഉടമകൾ അപേക്ഷ നൽകുന്നപക്ഷം അവ പരിശോധിച്ച് നിലവിലെ നിയമങ്ങൾക്ക് വിധേയമായി പെർമിറ്റുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത മേഖലയിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാ നിരക്കിൽ ഇളവ് നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ കഴിയുമോ എന്നറിയിക്കാമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ